പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2557 07.10.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പെൻഷൻ

| ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയിൽ ഇപ്പോൾ പെൻഷൻ ലഭിക്കുന്ന എത്ര ജീവനക്കാർ ഉണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | 2016 സെപ്റ്റംബർ മാസത്തെ കണക്കു പ്രകാരം കെ.എസ്.ആർ.ടി.സിയിൽ ഫാമിലി പെൻഷൻകാർക്ക് ഉൾപ്പെടെ 37633 പെൻഷൻ ലഭിക്കുന്ന ജീവനക്കാർ ഉണ്ട്. |
| (ബി) | ഇവർക്ക് പ്രതിമാസം പെൻഷനു വേണ്ടി എത്ര തുക ചിലവാക്കുന്നുണ്ട്; | (ബി) | 2016 സെപ്റ്റംബർ മാസത്തെ കണക്കു പ്രകാരം ശരാശരി 55 കോടി രൂപ പെൻഷനു വേണ്ടി ചിലവാക്കുന്നുണ്ട്. |
| (സി) | ഇവർക്ക് കഴിഞ്ഞ കാലങ്ങളിൽ പെൻഷൻ മുടങ്ങുവാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദീകരിക്കുമോ; | (സി) | കോർപ്പറേഷനിൽ പെൻഷൻ നൽകുന്നതിൽ പലപ്പോഴും മുടക്കം വന്നിട്ടുണ്ട്. കോർപ്പറേഷന്റെ റവന്യൂ വരുമാനത്തിൽ നിന്നുമാണ് പെൻഷൻ നൽകി വന്നത്. എന്നാൽ റവന്യൂ അക്കൗണ്ടിൽ ടി ഇനത്തിൽ ആവശ്യത്തിന് പണമില്ലാത്തതിനാൽ കോർപ്പറേഷൻ, പെൻഷൻ നൽകുന്നതിനായി കാലാകാലങ്ങളിൽ സർക്കാരിൽ നിന്നോ, ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ, ബാങ്കുകളിൽ നിന്നോ വായ്പ എടുക്കുകയാണ് ചെയ്യുന്നത്. |
| (ഡി) | ഇനിയുള്ള കാലങ്ങളിൽ പെൻഷൻ തുക മുടങ്ങാതിരിക്കുവാൻ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികളുടെ വിശദവിവരം നൽകുമോ? | (ഡി) | ആകെ പെൻഷൻ തുകയുടെ പകുതി തുക അതായത് 27.5 കോടി രൂപ ഇനിയുള്ള കാലങ്ങളിൽ പെൻഷൻ മുടങ്ങാതിരിക്കുവാൻ സർക്കാർ കെ.എസ്.ആർ.ടി.സി.ക്കു നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ